**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7892**

**23.07.2012 - ൽ മറുപടിയ്ക്ക്**

ക്യാമ്പ് ഫോളോവർമാരുടെ നിയമനം

| ചോദ്യം<br>ശ്രീ. എ.റ്റി ജോർജ് | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം സിറ്റി പോലീസ് യൂണിറ്റിലെ ക്യാമ്പ് ഫോളോവർമാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിൽ ഉദ്യോഗാർത്ഥികൾക്ക് എക്സ്പീരിയൻസ് ഇല്ലാത്തതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ജോലിയുടെ സ്വഭാവവും പ്രാധാന്യവും പറഞ്ഞ് മനസിലാക്കി താൽക്കാലിക ക്യാമ്പ് ഫോളോവർമാരെ അവരവരുടെ ജോലികൾ കൃത്യതയോടെ ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്ഥിരം ക്യാമ്പ് ഫോളോവർമാരുടെ സഹായം ആവശ്യമെങ്കിൽ നൽകുന്നതാണ്. |
| (സി) നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് എക്സ്പീരിയൻസ് ഉള്ളവരുടെ ലിസ്റ്റ് ആവശ്യപ്പെടുമോ ; | (സി) ക്യാമ്പ് ഫോളോവർമാരുടെ നിയമനം പി.എസ്.സി.വഴി ആക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എക്സ്പീരിയൻസ് ഉള്ള താൽക്കാലിക ക്യാമ്പ് ഫോളോവർമാരുടെ ലിസ്റ്റ് ആവശ്യപ്പെടുന്നതാണ്. |
| (ഡി)ക്യാമ്പ് ഫോളോവർമാരുടെ നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നൽകുന്ന ലിസ്റ്റിൽ നിന്നും എക്സ്പീരിയൻസ് ഉള്ളവരെ മാത്രം ഉൾപ്പെടുത്തി നിയമനം നടത്തുവാൻ നടപടി സ്വികരിക്കുമോ ? | (ഡി) ഉത്തരം (C) യുടെ വെളിച്ചത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ